<u>15 -ാം കേരള നിയമസഭ</u>

<u>3 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 734</u> <u>05-10-2021 - ൽ മറുപടിയ്ക്ക്</u>

<u>റിസ്ക് ഫണ്ട്</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്തതിനു ശേഷം മരണപ്പെടുന്നവർക്ക് നൽകുന്ന റിസ്ക് ഫണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | വായ്പക്കാരൻ മരണപ്പെട്ടാൽ കേരള സഹകരണ റിസ്ക്ക് ഫണ്ട് പദ്ധതി നിയമാവലി പ്രകാരം അന്നേ ദിവസം ബാക്കി നിൽപ്പുള്ള വായ്പ മുതലിൽ പരമാവധി 2 ലക്ഷം രൂപയും, വായ്പ എടുത്ത ശേഷം മാരക രോഗം പിടിപെടുകയും വായ്പ ബാധ്യതകൾ തീർക്കാൻ കഴിയാതെ വരുന്നതുമായ വായ്പക്കാർക്ക് വായ്പ ബാക്കി നിൽപ്പ് മുതലിനത്തിൽ പരമാവധി ചികിത്സ ധനസഹായമായി 1 ലക്ഷം രൂപയും അനുവദിച്ചു വരുന്നു. ആയതിലേയ്ക്ക് വായ്പതുകയുടെ 0.5% എന്ന നിരക്കിൽ കുറഞ്ഞത് 100/- രൂപയും, കൂടിയത് 1000/- രൂപയും വായ്പക്കാരനിൽ നിന്നും ഈടാക്കി ബോർഡിലേയ്ക്ക് അടവാക്കേണ്ടതാണ്. |
| (ബി) | ഗുരുതര രോഗം ബാധിച്ചവരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താറുണ്ടോ; ഇതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ? | (ബി) | കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നിയമാവലിയിൽ പ്രതിപാദിച്ചിട്ടുള്ള മാരക രോഗങ്ങൾ ബാധിച്ചിട്ടുള്ള വായ്പക്കാർക്ക് റിസ്ക്ക് ഫണ്ട് ചികിത്സ ധനസഹായം ബോർഡിൽ നിന്നും അനുവദിച്ചു വരുന്നുണ്ട്. ആയതിന്റെ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു. അർഹത മാനദണ്ഡങ്ങൾ 1. മാരകരോഗം പിടിപ്പെട്ട തീയതിയിൽ 70 വയസ്സിൽ അധികരിക്കാത്ത വായ്പക്കാർക്ക് മാത്രമാണ് ആനുകൂല്യത്തിന് അർഹതയുള്ളത് . 2. വായ്പ എടുക്കുന്ന തീയതിയിൽ നിയമാനുസൃത പ്രീമിയം അടവാക്കേണ്ടതാണ്. 3. 30.03.2012 തീയതി മുതൽ വായ്പ എടുത്തതിനു ശേഷം മാരക രോഗങ്ങളായ ക്യാൻസർ ബാധിതർ, കിഡ്നി സംബന്ധമായ രോഗം മൂലം ഡയാലിസിസിന് വിധേയരായവർ, ഹൃദയ സംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതം മൂലമോ അപകടം മൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ, എന്നീ വായ്പക്കാർക്ക് വായ്പാ ബാക്കിനിൽപ്പോ പരമാവധി 75,000/- രൂപയോ ചികിത്സാ ധനസഹായം നൽകുന്നു. 4. 29.02.2016 തീയതി മുതൽ വായ്പ എടുത്തതിനു ശേഷം ടി.ബി, |

| | | | |
|---|---|---|---|
| | | | ലിവർ സീറോസിസ് പിടിപെടുന്ന അംഗങ്ങൾക്കും വായ്പാ ബാക്കിനിൽപ്പോ പരമാവധി 75,000/- രൂപയോ നൽകി വരുന്നു. 5. 20.09.2019-ലെ റിസ്ക് ഫണ്ട് പദ്ധതി നിയമാവലി ഭേദഗതി പ്രകാരം കരൾ സംബന്ധമായ അസുഖത്തിന് ശസ്ത്രക്രിയ നടത്തിയവർ, അപകടങ്ങളും രോഗങ്ങളും കാരണം ജോലി ചെയ്ത് ജീവിക്കാൻ കഴിയാത്ത വിധം അവയവം മുറിച്ച് മാറ്റപ്പെടുന്ന അവസ്ഥയിലുള്ളവർ, അവയവം മാറ്റി വയ്ക്കൽ ശസ്ത്രക്രിയക്ക് വിധേയ രായവർ എന്നിവർക്ക് എത്ര വായ്പകൾ ഉണ്ടെങ്കിലും വായ്പാ മുതലിനത്തിൽ പരമാവധി 1,00,000/- രൂപ ഈ പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യം അനുവദിക്കുന്നതാണ്. II.റിസ്ക് ഫണ്ട് ധനസഹായ തുക 1. 30.03.2012 തീയതി മുതൽ വായ്പ എടുത്തതിനുശേഷം മാരകരോഗം പിടിപെടുന്ന അംഗങ്ങൾക്ക് വായ്പാ ബാക്കി നിൽപ്പോ പരമാവധി 75,000/-രൂപയോ നൽകി വരുന്നു. 2. 20.09.2019-ലെ റിസ്ക് ഫണ്ട് പദ്ധതി നിയമാവലി ഭേദഗതി പ്രകാരം വായ്പാ മുതലിനത്തിൽ പരമാവധി 1,00,000/-രൂപ ഈ പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യം അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ